**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023–2026)**

**മുപ്പത്തി മൂന്നാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021–23)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (ധനകാര്യ വകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്.) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

(2026 ഫെബ്രുവരി മാസം 24–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-2026)

# മുപ്പത്തി മൂന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ
(ധനകാര്യ വകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| അദ്ധ്യായം I: | | |
| റിപ്പോർട്ട് | : | 1 |
| അദ്ധ്യായം II: | | |
| ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 1 |
| അദ്ധ്യായം III: മറുപടി ലഭിക്കേണ്ട ശിപാർശകളും അധികവിവരങ്ങളും | : | 20 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023–2026)

### ഘടന

**<u>ചെയർപേഴ്സൺ</u>**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**<u>അംഗങ്ങൾ</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി–ഇൻ–ചാർജ്ജ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ , ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തി മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)യുടെ പതിനൊന്നാമത് റിപ്പോർട്ട് (ധനകാര്യ വകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) 2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 33 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഇനിയും മറുപടി ലഭ്യമാക്കാനുള്ള അധികവിവരങ്ങളും നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാനുള്ള ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 23-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

# <u>റിപ്പോർട്ട്</u>

## <u>അദ്ധ്യായം I</u>

പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021–23)യുടെ പതിനൊന്നാമത് റിപ്പോർട്ട് [ധനകാര്യവകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്] 2023 സെപ്റ്റംബർ മാസം 13–ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 33 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ട് 24.04.2024–ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാ–സി), ധനകാര്യ (എസ്റ്റാ–ഡി), ധനകാര്യ (ഭരണം–സി) എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 26.07.2024, 23.02.2026 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2021–23)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ പരിഗണിക്കവെ അവയിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളിൽ ഇനിയും മറുപടി ലഭ്യമാക്കാത്തവ സംബന്ധിച്ചവ അദ്ധ്യായം III–ൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അധിക വിവരങ്ങളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## <u>അദ്ധ്യായം – II</u>

### <u>ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ</u>

**[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]**

### <u>ശിപാർശ 1 [ഖണ്ഡിക 12]</u>

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ സമാഹരിക്കുന്ന നിക്ഷേപത്തിന് ആനുപാതകമായി കേന്ദ്രസർക്കാർ പോസ്റ്റ് ഓഫീസ് വഴി കമ്മീഷൻ നൽകുന്നുണ്ടെന്നും ഇവരുടെ ക്ഷേമത്തിനായി ഏജന്റ്സ് വെൽഫയർ ഫണ്ട് രൂപീകരിച്ചിട്ടുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ, ക്ഷേമനിധി ആനുകൂല്യങ്ങൾ, മെഡിക്കൽ റീഇംപേഴ്സ്മെന്റ്, വിവാഹവായ്പ, ഇൻഷുറൻസ്, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. എന്നാൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ വിവിധ കാരണങ്ങളാൽ പലപ്പോഴും കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ, ഏജന്റുമാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിതമായി അവ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (ഭരണം-സി) വകുപ്പ്**

ക്ഷേമനിധി/പെൻഷൻ എന്നിവയിലേക്കുള്ള ഏജന്റുമാരുടെ അടവ് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കാതിരിക്കുക, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഇല്ലാതിരിക്കുക എന്നീ കാരണങ്ങളാൽ ചില അപേക്ഷകൾ ജില്ലാ, ബ്ലോക്ക് ഓഫീസുകളിലേക്ക് തിരിച്ച് അയക്കേണ്ടി വരാറുണ്ട്. ഇത്തരം അപേക്ഷകൾ ശരിയാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ വിതരണം നടത്തുന്നു. ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അപേക്ഷകൾ യഥാസമയം കൃത്യമായ കണക്കുകളോടെയും, അനുബന്ധ രേഖകളോടെയും സമർപ്പിക്കണമെന്ന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതത് മാസം 20-ന് മുൻപായി ലഭിക്കുന്ന പെൻഷൻ അപേക്ഷകൾ അതത് മാസം തന്നെ അനുവദിച്ചു വരുന്നുണ്ട്. കൂടുതൽ വേഗത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ശിപാർശ 2 [ഖണ്ഡിക 13]

മഹിളാ പ്രധാൻ നിയമനം 2011-ലെ ഉത്തരവ് പ്രകാരവും എസ്.എ.എസ്. (സ്റ്റാൻഡർഡൈസ്ഡ് ഏജൻസി സിസ്റ്റം) നിയമനം 2017-ലെ ഉത്തരവ് പ്രകാരവും നിർത്തലാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. 2017-നു ശേഷം നിയമനം നടന്നിട്ടില്ല എന്നതിനാൽ തന്നെ ഏജന്റുമാരുടെ എണ്ണം ലോപിച്ചുവരുന്നതായും ആയതുമൂലം പൊതുസേവനങ്ങൾക്കായി ഏജന്റുമാരെ ഉപയോഗപ്പെടുത്തുന്നതിന് പരിമിതി ഉണ്ടാകുന്ന സാഹചര്യം നിലവിലുള്ളതായും സമിതി വിലയിരുത്തുന്നു. നിലവിലുള്ള ഏജന്റുമാരിൽ ഏകദേശം ഏഴുപത്തിയഞ്ച് ശതമാനത്തോളം പേർ 50 വയസ്സിനുമുകളിലുള്ളവരാണെന്നും അവരെ ഇത്തരം പ്രവ•ർത്തനങ്ങളുടെ ഭാഗമാക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും 70 വയസ്സിന് മുകളിലുള്ളവരെ വികസനപദ്ധതികളിൽ ഏർപ്പെടുത്താറില്ല എന്നും സമിതി നിരീക്ഷിക്കുന്നു. കോവിഡ് പ്രതിസന്ധി മൂലം സ്വദേശത്തും വിദേശത്തും ജോലിനഷ്ടപ്പെട്ട നിരവധി യുവാക്കൾ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരായി പ്രവർത്തിക്കുവാൻ സന്നദ്ധരായി മുന്നോട്ടു വരുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ നിലവിലുള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ നിയമനങ്ങൾ നടത്തുന്നത് ഉചിതമാണെന്നതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (ഭരണം-സി) വകുപ്പ്**

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ ഏജന്റുമാരുടെ പുതിയ നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

## ശിപാർശ 3 [ഖണ്ഡിക 14]

ദേശീയ സമ്പാദ്യ പദ്ധതി പൊതുജനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ എത്തിപ്പെടേണ്ടത് പദ്ധതിയുടെ വിജയത്തിന് മാറ്റുകൂട്ടുമെന്നും പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും മാത്രമല്ല ഏജന്റുമാരും പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും എല്ലാവരിലും അത് എത്തുന്നില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കൂടുതൽ ജനങ്ങൾക്ക് നിക്ഷേപ പദ്ധതിയുടെ ഗുണങ്ങളെക്കുറിച്ച് അറിയുവാൻ അവസരം നൽകുന്നതിനായി വിവരസാങ്കേതികവിദ്യാ വകുപ്പുമായി സഹകരിച്ച് പരസ്യങ്ങളും ദൃശ്യ-ശ്രവ്യമാധ്യമങ്ങളിലൂടെ അറിയിപ്പുകളും നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ധനകാര്യ (ഭരണം-സി) വകുപ്പ്

നിലവിൽ ജനങ്ങൾക്ക് നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ഏജന്റുമാർ മുഖേനയും പത്ര-ശ്രവ്യ മാധ്യമങ്ങളിലൂടെയും പരസ്യങ്ങളും അറിയിപ്പുകളും നൽകി വരുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ എൽ.ഇ.ഡി. ഡിസ്പ്ലേ പരസ്യങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പരസ്യ ഇനത്തിൽ ലഭ്യമാകുന്ന ഫണ്ട് പരിമിതമായതിനാൽ ദൃശ്യമാധ്യമങ്ങളിലൂടെയുള്ള പരസ്യം നൽകുവാനുള്ള പരിമിതി നിലനിൽക്കുന്നുണ്ട്. എന്നിരുന്നാലും ഈ ന്യൂനത പരിഹരിക്കുന്നതിനായി പരസ്യ ചെലവുകൾക്കായി കൂടുതൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ശിപാർശ 4 [ഖണ്ഡിക 15]

മിതവ്യയ ശീലവും സമ്പാദ്യ മനോഭാവവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനായി വകുപ്പിൽ മുമ്പ് സഞ്ചയിക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടായിരുന്നു. 1970 കളുടെ തുടക്കത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പദ്ധതിയാണിത്. ചെറുപ്രായത്തിൽ തന്നെ വിദ്യാർത്ഥികളുടെ സമ്പാദ്യ ശീലം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ പഠിക്കുന്നതിനും ഈ പദ്ധതി അവരെ സഹായിച്ചിരുന്നു. വിദ്യാർത്ഥികൾ അവർക്ക് വേണ്ടി തന്നെ നടത്തുന്ന ബാങ്കിംഗാണ് സഞ്ചയിക. പ്രസ്തുത പദ്ധതി 2016 ഒക്ടോബർ മാസം പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിലാണ് കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനായി സംസ്ഥാന സർക്കാർ വിദ്യാർത്ഥികൾക്കായി സ്കൂളുകളിലൂടെയും അവർ പഠിക്കുന്ന സ്ഥാപനങ്ങളിലൂടെയും സംസ്ഥാന ട്രഷറിയുമായി സഹകരിച്ച് സേവിംഗ്സ് ബാങ്ക് പദ്ധതിയായ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ ചുമതലയിലുള്ള അധ്യാപകന് ഇൻസെന്റീവ് അനുവദിച്ചും വിദ്യാർത്ഥികളിൽ നിന്നും സ്വരൂപിക്കുന്ന തുകയുടെ 80% വരെ സ്ഥിരനിക്ഷേപമായി മാറ്റുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം സ്കൂളിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ കഴിയുന്ന വിധത്തിലുമാണ് സ്റ്റുഡൻസ് സേവിംഗ്സ് സ്കീം രൂപകല്പന ചെയ്തിട്ടുള്ളത്. 2016-ൽ ഈ പദ്ധതി ആരംഭിച്ചുവെങ്കിലും കോവിഡിന്റെ

പശ്ചാത്തലത്തിൽ ആയത് സ്കൂളുകളിൽ വ്യാപകമാക്കാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ സംസ്ഥാനത്തെ മുന്നൂറോളം സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പല കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഈ പദ്ധതിയെപ്പറ്റി ആവശ്യത്തിന് അറിവ് ലഭിക്കുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതിയെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അവബോധന ക്ലാസുകൾ സ്കൂൾ തലത്തിൽ തന്നെ സംഘടിപ്പിക്കണമെന്നും സേവിംഗ്സ് സ്കീം പ്രോത്സാഹിപ്പിക്കുന്നതിന് പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർമാർക്ക് പ്രോത്സാഹന അലവൻസ്, കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഏർപ്പെടുത്തുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ധനകാര്യ (ഭരണം-സി) വകുപ്പ്</u>

29.10.2022-ലെ സ.ഉ.(അച്ചടി) നം.132/2022/ധന പ്രകാരം സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി കൂടുതൽ ആകർഷകവും വിപുലവും ആക്കുന്നതിന്റെ ഭാഗമായി പുതുക്കിയ മാർഗ്ഗ നിർദ്ദേശം നൽകി ഉത്തരവായിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം സ്ഥിരം നിക്ഷേപത്തിൽ നിന്നും കിട്ടുന്ന അധിക പലിശയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന പലിശ കിഴിച്ചുള്ള തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കോ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കോ (ഏറ്റവും കൂടുതൽ തുക നിക്ഷേപിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം, പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുവാനും, പ്രവർത്തിക്കുവാനുമുള്ള ഫർണിച്ചർ വാങ്ങുന്നതിന്) ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം സ്ഥിര നിക്ഷേപത്തിലൂടെ ലഭ്യമാക്കുന്ന അധികവരുമാനത്തിന്റെ മൂന്നിലൊന്ന് (പ്രതി വർഷം 20,000/- രൂപയിൽ കൂടാത്ത നിലയിൽ) അതാത് സ്കൂളിൽ സ്കീമിന്റെ നടത്തിപ്പിന്റെ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥന്/അധ്യാപകന് ഇൻസെന്റീവായി ലഭ്യമാകുന്നതാണ്. എന്നിരുന്നാലും ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശ പ്രകാരം പ്രിൻസിപ്പാൾ/ഹെഡ് മാസ്റ്റർമാർക്ക് പ്രോത്സാഹന അലവൻസ്, കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് ജില്ലാ തലത്തിലും/സംസ്ഥാന തലത്തിലും ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവ സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ ഏർപ്പെടുത്തുന്നത് നിലവിൽ പരിശോധിച്ച വരുകയാണ്. പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അവബോധ ക്ലാസുകൾ, അധ്യാപക-രക്ഷാകർത്ത സമിതികളെ വിളിച്ചു ചേർത്ത് ചർച്ച, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നതാണ്. പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിലും രക്ഷകർത്താക്കൾക്കിടയിലും ലഘുലേഖ വിതരണം ചെയ്യുന്നതാണ്. ആയതിലേക്കായി പരസ്യ ചെലവുകൾക്കായി കൂടുതൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## <u>ശിപാർശ 5 [ഖണ്ഡിക 16]</u>

സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം നിലവിൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കാണ്

കൊണ്ടുവന്നിട്ടുള്ളത്. സ്കൂൾ തലത്തിൽ രണ്ട് കുട്ടികൾ, രണ്ട് അധ്യാപകർ, രണ്ട് രക്ഷാകർത്താക്കൾ, ഹെഡ്മിസ്ട്രസ് എന്നിവർ ഉൾപ്പെടുന്ന ഒരു ട്രസ്റ്റ് രൂപീകരിച്ച് ആയതുവഴിയാണ് ഈ പദ്ധതിയുടെ സേവനം നടത്തുന്നത്. കുട്ടികൾ ആവശ്യപ്പെടുമ്പോൾ ഇത് പിൻവലിക്കുവാൻ സാധിക്കും. ട്രഷറി സേവിംഗ്സ് ബാങ്കിലെ പലിശയായ 4 % പലിശനിരക്ക് കുട്ടികൾക്ക് ഇതിലൂടെ നൽകുന്നുമുണ്ട്. ആയതിനാൽ, കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി ആരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എല്ലാ സ്കൂളുകളിലും ആരംഭിക്കണമെന്നും പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന സ്കൂളിലെ അധ്യാപകർ കൂടുതൽ കുട്ടികളെ പ്രസ്തുത സ്കീമിലേക്ക് ചേർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

<u>**ധനകാര്യ (ഭരണം-സി) വകുപ്പ്**</u>

നിലവിൽ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന ട്രഷറി എന്നീ വകുപ്പുകൾ സംയുക്തമായാണ് നടപ്പിലാക്കി വരുന്നത്. സമിതിയുടെ ശിപാർശ പ്രകാരം ഈ പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. പദ്ധതി വ്യാപിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു ഏകോപന സമിതി രൂപീകരിക്കുന്ന വിഷയം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

<u>**ശിപാർശ 6 [ഖണ്ഡിക 17]**</u>

ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ നാഷണൽ സോഷ്യൽ സർവ്വീസ് സ്കീം നിലവിലുണ്ട്. ഈ പദ്ധതിയുമായി ചേർന്ന് കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വഴി ലഭിക്കുന്ന തുക സ്കൂളുകൾക്ക് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയോ ദാനധർമ്മങ്ങൾക്കായി വിനിയോഗിക്കുകയോ ചെയ്യാൻ സാധിക്കുകയാണെങ്കിൽ ഈ പദ്ധതി കൂടുതൽ ജനകീയമാക്കാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി നാഷണൽ സോഷ്യൽ സർവ്വീസ് പദ്ധതിയുമായി ചേർന്നുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ കഴിയുമോ എന്നത് പരിശോധിച്ച് ആയതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

<u>**ധനകാര്യ (ഭരണം-സി) വകുപ്പ്**</u>

സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി നാഷണൽ സോഷ്യൽ സർവ്വീസ് പദ്ധതിയുമായി ചേർന്ന് നൂതന ആശയങ്ങൾക്ക് രൂപം നൽകാൻ കഴിയുമോയെന്ന് ടി സ്ഥാപനവുമായി ചർച്ച ചെയ്ത് ഇക്കാര്യം വിശദമായി പരിശോധിച്ച് ആയതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതാണ്.

## ശിപാർശ 7 [ഖണ്ഡിക 18]

ദേശീയ സമ്പാദ്യ പദ്ധതിയുടെ നടപ്പുസാമ്പത്തിക വർഷത്തെ പലിശ നിരക്ക് അനുബന്ധം (I)-ആയി ചേർത്തിരിക്കുന്നു. പലിശയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക്/നിക്ഷേപകർക്ക് യഥാസമയം അറിയുവാൻ കഴിയുന്നില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, പലിശയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് വിവിധ മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ മുഖേനയും പൊതുജനങ്ങളെയും എസ്.എം.എസ്. മുഖേന നിക്ഷേപകരെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ധനകാര്യ (ഭരണം-സി) വകുപ്പ്

കേന്ദ്ര സർക്കാർ 3 മാസത്തിലൊരിക്കലാണ് പലിശയിനത്തിൽ മാറ്റങ്ങൾ പ്രഖ്യാപിക്കുന്നത്. ഇക്കാര്യം വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യം വഴി പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. പോസ്റ്റോഫീസ് മുഖേന കെ.വൈ.സി. പൂർത്തിയാക്കിയ നിക്ഷേപകർക്ക് എസ്.എം.എസ്. മുഖേന വിവരം അവരെ അറിയിക്കുന്നതിനുള്ള നടപടി തപാൽ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റിൽ ഇക്കാര്യം പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

## ശിപാർശ 8 [ഖണ്ഡിക 20]

സംസ്ഥാനത്തെ ഏജന്റുമാരുടെ വിദ്യാഭ്യാസയോഗ്യതയും സാമൂഹിക പശ്ചാത്തലവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ 16.06.2012 തീയതിയിലെ സ.ഉ.(സാധാ)നം.5933/2012/ധന ഉത്തരവ് പ്രകാരം ഏജന്റുമാരുടെ സേവനം സമ്പാദ്യ സമാഹരണത്തോടൊപ്പം സർക്കാർ നൽകിവരുന്ന വിവിധ സേവനങ്ങൾ വേഗത്തിലും കൃത്യതയോടും കൂടി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പ്രയോജനപ്പെടുത്തുവാനും കളക്ഷന് ആനുപാതികമായി പ്രതിഫലം നൽകുവാനും തീരുമാനിച്ചിരുന്നു. സാമൂഹിക സാമ്പത്തിക സെൻസസുകൾ, അടിസ്ഥാന വിവര ശേഖരണം, കാർഷിക വികസന പദ്ധതികൾ, പൊതുജനാരോഗ്യ സുരക്ഷ, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം എന്നിവയ്ക്കായി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം പ്രയോജനപ്പെടുത്താറുണ്ടെന്നത് ശ്രദ്ധേയമാണ്. സംസ്ഥാന ശുചിത്വമിഷനുമായി ചേർന്ന് ഭവനങ്ങളിൽ മാലിന്യനിർമ്മാർജനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തിയിരുന്നതായും തിരുവനന്തപുരം ജില്ലയിലെ മഹിളാപ്രധാൻ ഏജന്റുമാരുടെ സേവനം വിനിയോഗിച്ച് സാമൂഹിക സുരക്ഷാ പെൻഷൻ സംബന്ധിക്കുന്ന സർവ്വേ വിജയകരമായി പൂർത്തിയാക്കിയിരുന്നതായും ഹരിത കേരളം മിഷനുമായി ചേർന്ന് ഹരിതഭവനം - സമ്പാദ്യഭവനം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സാമൂഹിക-സാമ്പത്തിക സെൻസസുകൾ, അടിസ്ഥാന വിവര ശേഖരണം, കാർഷിക വികസന പദ്ധതികൾ, പൊതുജനാരോഗ്യ സുരക്ഷ, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം, സാമൂഹ്യവനവൽക്കരണം എന്നീ മേഖലകളിലെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം കുറെ കൂടി കാര്യക്ഷമമായി പ്രയോജനപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (ഭരണം-സി) വകുപ്പ്**

ബന്ധപ്പെട്ട വകുപ്പുകൾ ഏജൻസികളുമായി ചർച്ച ചെയ്ത് ഏജന്റുമാരുടെ സേവനം കൂടുതൽ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## ശിപാർശ 9 [ഖണ്ഡിക 21]

ജില്ലാ തലത്തിൽ പോസ്റ്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി മുഖേനയും പോസ്റ്റ്മാസ്റ്റർ ജനറൽ മുഖാന്തിരവും നിക്ഷേപകർക്കും ഏജന്റുമാർക്കും പോസ്റ്റോഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (ഭരണം-സി) വകുപ്പ്**

ജില്ലാ തലത്തിൽ പോസ്റ്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി മുഖേനയും, സംസ്ഥാനതലത്തിൽ സംസ്ഥാന പോസ്റ്റൽ കമ്മിറ്റി മുഖേനയും, നിക്ഷേപകരും ഏജന്റുമാരും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അവർക്ക് പോസ്റ്റോഫീസ് മുഖേന കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. കൂടാതെ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറലിന്റെയും നാഷണൽ സേവിംഗ്സ് ഇൻസ്റ്റിട്യൂട്ടിന്റെയും ശ്രദ്ധയിൽപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരം തേടാറുണ്ട്.

## ശിപാർശ 13 [ഖണ്ഡിക 31]

ഓഡിറ്റ് സ്ഥാപനത്തിന്റെ നിലവിലുള്ള ഓഡിറ്റ് നയങ്ങൾ, രീതികൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുടെ ഒരു സമാഹാരമാണ് ഓഡിറ്റ് മാന്വൽ എന്നും ആയത് ഓഡിറ്റർമാരുടെ തൊഴിൽ നൈപുണ്യം അഭിവൃദ്ധിപ്പെടുത്താനും ഓഡിറ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഡിറ്റ് തന്ത്രങ്ങൾ ആവിഷ്കരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഉദ്ദേശിച്ചിട്ടുള്ളതാണെന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് മാന്വൽ ഒരു സഹയാത്രികനായും ഓഡിറ്റ് നടപടിക്രമങ്ങളുടെ പ്രാഥമിക റഫറൻസ് ഗ്രന്ഥമായും പ്രവർത്തിക്കുന്നു. പുതിയ ഓഡിറ്റർമാരെ അവരുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുവാൻ സഹായിക്കുക, ഓഡിറ്റിന്റെ നിലവാരം പരിപാലിക്കപ്പെടാനുതകുന്ന തരത്തിലുള്ള ഓഡിറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവ ഇതിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. 2019-ൽ വകുപ്പിൽ ഓഡിറ്റ് മാന്വൽ നിലവിൽ വന്നതായി സമിതി മനസ്സിലാക്കുന്നു. ഓരോ അഞ്ചു വർഷം കൂടുന്തോറും ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനം, നിലവാരത്തിലധിഷ്ഠിതമായ ഓഡിറ്റ് പ്രവർത്തന രീതി, ഓഡിറ്റർമാരുടെ തൊഴിൽ നൈപുണ്യ വികാസം എന്നിവ വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓരോ അഞ്ചുവർഷം കൂടുന്തോറും ഓഡിറ്റ് മാന്വൽ

പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**

അഞ്ചുവർഷം കൂടുന്തോറും ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിപാർശ 15 [ഖണ്ഡിക 34]

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തുന്ന സ്ഥാപനങ്ങളിലെ ഓഡിറ്റ് ക്രമക്കേടുകൾ പരിഹരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനുമുള്ള നടപടികൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെയാണ് സ്വീകരിച്ച് വരുന്നത്. എന്നാൽ ഓഡിറ്റിൽ വ്യക്തമായ നഷ്ടവും നഷ്ടോത്തരവാദിയും ഉള്ളതായി കണ്ടെത്തിയാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. തുടർച്ചയായ അവലോകനത്തിനും തുടർ നടപടികൾക്കുമായി ഓഡിറ്റ് വകുപ്പിന്റെ വാർഷിക ഭരണ നിർവ്വഹണ റിപ്പോർട്ടിൽ ഓരോ ഓഡിറ്റ ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെയും ചാർജ്/സർചാർജ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ആയതിനാൽ, അതീവ ജാഗ്രതയോടും സൂക്ഷമതയോടുമുള്ള ഓഡിറ്റിംഗ്, ഓഡിറ്റിംഗിന്റെ നിലവാരം, സ്വതന്ത്രമായ ഓഡിറ്റിംഗ് എന്നിവയിൽ വകുപ്പ് ആവശ്യമായ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**

അതീവ ജാഗ്രതയോടും സൂക്ഷമതയോടുമുള്ള ഓഡിറ്റിംഗ്, ഓഡിറ്റിംഗിന്റെ നിലവാരം, സ്വാതന്ത്രമായ ഓഡിറ്റിംഗ് എന്നിവയിൽ വകുപ്പ് ആവശ്യമായ ശ്രദ്ധ ചെലുത്തുന്നതിനായി വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ കൃത്യമായ ഇടവേളകളിൽ ഉപകാര്യാലയമേധാവികൾക്ക് നൽകുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ നിന്നുള്ള നിരന്തര ഇടപെടലുകളിലൂടെ ആയത് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ഓഡിറ്റ് മാന്വൽ പ്രസിദ്ധീകരിക്കുക, TGS (Technical Guidance and Support) നടപ്പിലാക്കുക, വിവിധ പരിശീലനങ്ങൾ, ശിൽപശാലകൾ സംഘടിപ്പിക്കുക എന്നിവയിലൂടെ ഓഡിറ്റ് നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചാർജ്/സർചാർജ് നടപടികളുടെ അവലോകനത്തിനും തുടർനടപടികൾക്കുമായി വാർഷിക ഭരണ നിർവ്വഹണ റിപ്പോർട്ടിൽ, ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെ ചാർജ്/സർചാർജ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിപാർശ 21 [ഖണ്ഡിക 49]

നിരവധി പേയ്മെന്റ് രീതികൾക്കും വെബ് സൈറ്റുകൾക്കുമായി ഉപഭോക്താക്കളുടെ

പേയ്മെന്റ് വിവരങ്ങളും പാസ്േവേഡുകളും സുരക്ഷിതമായി സംഭരിക്കുന്ന സംവിധാനമാണ് ഇ-വാലറ്റ് എന്നും ആയത് നൽകുന്ന സേവനം ക്രഡിറ്റ്/ഡെബിറ്റ് കാർഡിന് തുല്യമാണെന്നും പേയ്മെന്റുകൾ നടത്തുന്നതിന് ഇ-വാലറ്റ് ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതുണ്ടെന്നും ഇപ്പോൾ മിക്ക വകുപ്പുകളുടെയും പണമിടപാട് ഇ-ട്രഷറി സംവിധാനം വഴിയാണെന്നും, ഇ-ട്രഷറിയെ ഇ-വാലറ്റുമായി ബന്ധിപ്പിക്കുന്നത് പണം കൈമാറ്റം ലളിതമാക്കുവാൻ സഹായിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. പണം കൈമാറ്റത്തിന് ബാങ്ക് അക്കൗണ്ടുകൾ ആവശ്യമില്ലാത്തതിനാൽ അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടി വരുന്നില്ലെന്നും പണം നിക്ഷേപിക്കുന്നതിന് കുറഞ്ഞ തുകയില്ലെന്നും പ്രീപെയ്ഡ് അക്കൗണ്ട് ആയതിനാൽ പേയ്മെന്റ് ലഭിക്കുവാൻ താമസം നേരിടുന്നില്ലെന്നും ക്യാഷ് ബാക്ക്, റിവാർഡുകൾ, ഡിസ്കൗണ്ട് ഓഫറുകൾ തുടങ്ങിയവ ലഭിക്കുന്നതിനാൽ ലാഭകരമായ ഷോപ്പിംഗ് നടത്താൻ കഴിയുമെന്നുമുള്ള നേട്ടങ്ങൾ സമിതി വിലയിരുത്തുന്നു. നിലവിൽ ഇ-ട്രഷറിയിൽ ബാങ്കുകൾ മാത്രമാണ് സംയോജിപ്പിച്ചിട്ടുള്ളത്. ഇ-ട്രഷറിയിൽ ടി.എസ്.ബി. ഓപ്ഷൻ കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് അതുവഴി ഇടപാടുകൾ നടത്താൻ കഴിയുന്നതാണ്. ആയതിനാൽ ഇ-വാലറ്റ് സംവിധാനം വകുപ്പിൽ നടപ്പാക്കി ഇ-ട്രഷറിയെ ഇ-വാലറ്റുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്

ഇ-ട്രഷറിയിൽ നിന്നും തുക ഒടുക്കുന്നതിന് നിലവിലെ ബാങ്ക് ഓപ്ഷൻ കൂടാതെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ള ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്ന ഇടപാടുകാർക്ക് അവരുടെ അക്കൗണ്ടിൽ ഉള്ള തുക സർക്കാർ സേവനത്തിനായി ഒടുക്കുന്നതിന് ഒരു സുരക്ഷിത മാർഗ്ഗമെന്ന രീതിയിലാണ് ഇ-വാലറ്റ് വിഭാവനം ചെയ്തത്. നിലവിൽ Online TSB കളിൽ Aadhar enabled KYC പൂർത്തിയാകുന്ന മുറക്ക് മാത്രമേ ഇ-വാലറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇതിന്റെ പ്രാരംഭ നടപടിയായി നിലവിലെ online TSB ഇടപാടുകാരന് ആധാർ KYC സംവിധാനം പൂർത്തിയാക്കുന്നതിനായി ഐടി മിഷനുമായി സഹകരിച്ച് Aadhar Vault ഉപയോഗിച്ച് ആധാർ റഫറൻസ് നമ്പർ ട്രഷറി ഡാറ്റാ ബേസിൽ സൂക്ഷിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുന്നത് പുരോഗമിച്ച് ടെസ്റ്റിംഗ് നടത്തി വരികയാണ്. പ്രസ്തുത ടെസ്റ്റിംഗ് പൂർത്തിയായശേഷം ട്രഷറികളിൽ ഇടപാടുകാരുടെ പേരും Aadhar Vault -ൽ നിന്നുള്ള പേരും പരിശോധിച്ച് ഉറപ്പാക്കുന്ന മുറയ്ക്ക് ഈ- വാലറ്റ് സംവിധാനം ഉപയോഗിക്കുവാൻ അനുവദിക്കാവുന്നതാണ്, പ്രസ്തുത സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഒരു Beta version-ൽ ഉപയോഗിച്ച് 2004 ഏപ്രിൽ മാസത്തോടെ എല്ലാ Online TSB ഇടപാടുകാർക്കും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

## ശിപാർശ 22 [ഖണ്ഡിക 50]

മാസത്തിലെ ആദ്യ പ്രവൃത്തി ദിനങ്ങളിലാണ് ശമ്പള/പെൻഷൻ വിതരണം നടത്തുന്നത്. സാങ്കേതിക തകരാറിനെ തുടർന്ന് പലപ്പോഴും ഇത് മുടങ്ങുന്ന പ്രവണത

ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. സെർവർ തകരാറിലാണ് എന്നാണ് പലപ്പോഴും അറിയാൻ സാധിക്കുന്നത്. സെർവർ മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടും ഈ പ്രശ്നം ഉണ്ടാകുന്നുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു. കൂടാതെ, മികച്ച ട്രഷറി ശൃംഖലയുള്ള സംസ്ഥാനത്ത് എ.റ്റി.എം. ഉൾപ്പെടെയുള്ള ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ നൽകാൻ കഴിയാത്തത് വൃദ്ധരായ പെൻഷൻകാർ ഉൾപ്പെടെയുള്ള ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്നുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു. ബാങ്കുകൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ വിരൽത്തുമ്പിൽ എത്തിക്കുമ്പോൾ ട്രഷറിയ്ക്ക് അതിനു സാധിക്കാത്തത് ശക്തമായ സെൻട്രൽ സെർവറും റിസർവ് ബാങ്കിന്റെ അനുമതിയും ഇല്ലാത്തതുമൂലമാണ്. കാര്യക്ഷമമായ സെൻട്രൽ സെർവർ ഉണ്ടെങ്കിലേ എ.റ്റി.എം. അടക്കമുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ ട്രഷറിയ്ക്ക് ഉറപ്പാക്കാൻ കഴിയൂ എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, നിലവിലെ ഓൺലൈൻ സേവനങ്ങൾക്ക് പുറമെ ഒരു ശക്തമായ സെൻട്രൽ സെർവർ സംവിധാനം ട്രഷറിയിൽ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-സി) വകുപ്പ്**

സെർവർ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള പ്രശ്നങ്ങളും കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉണ്ടായിട്ടില്ല. തടസ്സരഹിതമായ ഇടപാടുകൾ നടന്നു വരുന്നുണ്ട്. 2021 മെയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം 80 Core ശേഷിയുള്ള പുതിയ സെന്റർ സെർവർ മുഖേനയാണ് നടന്നു വരുന്നത്. ട്രഷറി വകുപ്പിന്റെ ഭാവിവികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പുതിയ സെർവർ പര്യാപ്തമാണ്. 2022 ഒക്ടോബർ 13 ഉൾപ്പെടെയുള്ള ചില ദിവസങ്ങളിൽ ട്രഷറി ട്രാൻസാക്ഷൻ തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായത് സെർവർ ശേഷിക്കുറവു കൊണ്ടല്ല മറിച്ച് സെർവർ സ്ഥാപിച്ചിരിക്കുന്ന സ്റ്റേറ്റ് ഡാറ്റാ സെന്ററിലേക്കുള്ള Data Connection തകരാറിലാവുക, ആപ്ലിക്കേഷൻ തകരാറിലാവുക എന്നീ കാരണങ്ങൾ കൊണ്ടാണ്. അത് വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

ട്രഷറി വകുപ്പിൽ ATM സ്ഥാപിക്കാൻ സാധിക്കാത്തത് റിസർവ് ബാങ്കിൽ നിന്നും അനുമതി ലഭിക്കാത്തതുകൊണ്ടു മാത്രമാണ്. നിലവിൽ പൊതുജനങ്ങൾ ഏറ്റവും കൂടുതലായി ഉപയോഗിച്ചുവരുന്ന ട്രഷറി ആപ്ലിക്കേഷൻ eTreasury ആണ്. ജനങ്ങൾക്കു ലഭിക്കേണ്ടുന്ന വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ടും വിവിധ ഫീസ്/ടാക്സ് തുടങ്ങിയവ ഒടുക്കുന്നതിനുമായും പതിനായിരക്കണക്കിന് ചലാനുകൾ eTreasury ആപ്ലിക്കേഷൻ വഴി ദിവസവും ജനറേറ്റ് ചെയ്യപ്പെടുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് eTreasury - ക്ക് മാത്രമായി ഒരു സെർവർ സ്ഥാപിക്കുന്നത് പരിഗണനയിലാണ്.

## ശിപാർശ 23 [ഖണ്ഡിക 51]

ട്രഷറികളിലെ പെൻഷൻ വിതരണം പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ ആദ്യ പ്രവൃത്തി ദിവസം തന്നെ പെൻഷൻകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുകയാണ് ചെയ്യുന്നതെന്നും മാസത്തിലെ എല്ലാ പ്രവൃത്തി ദിവസവും പെൻഷൻകാർക്ക് തുക

പിൻവലിക്കാനുള്ള സൗകര്യമുണ്ടെന്നും പെൻഷൻ പി.ടി.എസ്.ബി. ചെക്ക് നൽകുമ്പോഴാണ് പെൻഷൻ തുക മാറി നൽകുന്നതെന്നും ആയതിനാൽ മറ്റൊരാൾ വഴിയും പെൻഷൻകാർക്ക് തുക മാറ്റിയെടുക്കാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. മിനിമം പെൻഷൻ വാങ്ങുന്നവർ, 75 വയസ്സ് കഴിഞ്ഞവർ, ശാരീരിക വൈകല്യമുള്ളവർ എന്നിവർക്ക് പെൻഷൻ തുക സർക്കാർ ചെലവിൽ മണിയോർഡറായി നൽകി വരുന്നുണ്ടെന്നും മറ്റുള്ളവർക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം സ്വന്തം ചെലവിൽ മണിയോർഡർ ആയി അയച്ചു കൊടുക്കന്നുണ്ടെന്നും വർഷത്തിൽ ഒരിക്കൽ മസ്റ്ററിംഗ് നടത്താനായി ആൾ നേരിട്ട് ഓഫീസിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ടെന്നും 75 വയസ്സിന് മുകളിൽ ഉള്ളവരിൽ കൂടുതലും ശാരീരികമായി പലപല അസ്വസ്ഥതകൾ നേരിടുന്നവരാണെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ 75 വയസ്സ് കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് ഉദ്യോഗസ്ഥൻ വീട്ടിലെത്തി ചെയ്യുവാൻ കഴിയുമോ എന്നത് പരിശോധിച്ച് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ധനകാര്യ (എസ്റ്റാ-സി) വകുപ്പ്</u>

നിലവിൽ 80 വയസ്സ് കഴിഞ്ഞ ശയ്യാവലംബരായ പെൻഷൻ/കുടുംബ പെൻഷൻ കാരുടെ ലൈഫ് മസ്റ്ററിംഗ് ചെയ്യുന്നതിനു സ.ഉ.(കൈ) നം.165/2022-ധന തീയതി 24.09.2022 പ്രകാരം വാതിൽപ്പടി സേവനത്തിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻപ്രകാരമുള്ള മസ്റ്ററിംഗിനായി വാതിൽപ്പടി സേവനം ട്രഷറികൾ നടത്തിവരുന്നു. എന്നാൽ സമിതിയുടെ ശിപാർശ പ്രകാരമുള്ള 75 വയസ്സു കഴിഞ്ഞവരുടെ ലൈഫ് മസ്റ്ററിംഗിനായി വാതിൽപ്പടി സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിച്ചു വരികയാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം.</u>

75 വയസ്സു കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗിനായി വാതിൽപ്പടി സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നുള്ളത് സംബന്ധിച്ച പരിശോധന പൂർത്തിയായോയെന്നും, ശയ്യാവലംബരായ പെൻഷൻകാർക്കും കൂടി വാതിൽപ്പടി സേവനം നൽകാനാകുമോയെന്നും വകുപ്പിനോട് ആരായാൻ സമിതി തീരുമാനിച്ചു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

75 വയസ്സു കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗിനായി വാതിൽപ്പടി സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നുള്ളത് സംബന്ധിച്ച പരിശോധന പൂർത്തിയായി. നിലവിൽ 80 വയസ്സിന് മുകളിലുള്ളവർക്ക് നൽകി വരുന്ന ഈ സേവനം 75 കഴിഞ്ഞവർക്കും ശയ്യാവലംബരായവർക്കും കൂടി വ്യാപിപ്പിക്കുവാൻ വകുപ്പ് സജ്ജമാണ്. എന്നാൽ ആധാർ അധിഷ്ഠിത "ജീവൻ പ്രമാൺ ആപ്" നിലവിൽ വന്നതോട് കൂടി വാർഷിക മസ്റ്ററിംഗ് പ്രക്രിയ കൂടുതൽ ലളിതവും പ്രായോഗികവുമായി തീർന്നിട്ടുണ്ട്. സ്മാർട്ട് ഫോണിന്റെ സഹായത്തോടുകൂടി ഫേസ് റെക്കഗ്നിഷനിലൂടെ ജനറേറ്റ് ചെയ്യപ്പെടുന്ന ലൈഫ് സർട്ടിഫിക്കറ്റ് ട്രഷറി സംവിധാനത്തിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നതാണ്. പ്രായാധിക്യമോ വിവിധ രോഗങ്ങളാലോ സ്മാർട്ട് ഫോൺ ഉപയോഗം സാധ്യമാകാത്തവർക്ക് ബന്ധുമിത്രാദികളുടെ ഫോൺ വഴി/വാതിൽപ്പടി സേവനത്തിനായി നിയോഗിക്കപ്പെട്ട ട്രഷറി ഉദ്യോഗസ്ഥൻ മുഖേന മസ്റ്ററിംഗ് ചെയ്യാവുന്നതാണ്. നിലവിലുള്ള 'കേരള പെൻഷൻ' ആപ്പിൽ മസ്റ്ററിംഗ് ലിങ്ക്/ആധാർ വോൾട്ട് അക്സസ് സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പിൽ പുരോഗമിക്കുന്നു.

<u>ശിപാർശ 24 [ഖണ്ഡിക 53]</u>

ട്രഷറി ഇടപാടുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കാൻ ഓരോ ജീവനക്കാരനും ട്രഷറി സംവിധാനത്തിൽ പ്രവേശിക്കുന്നത് ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലേയ്ക്ക് മാറ്റവാനും വിവരസാങ്കേതിക വകുപ്പുമായി സഹകരിച്ച് ഇടപാട് നടത്തുന്ന ഉപഭോക്താവിന്റെ മൊബൈൽ ഫോണിലേക്ക് ഒറ്റത്തവണ OTP അയയ്ക്കുന്ന സുരക്ഷാ സംവിധാനം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ധനകാര്യ (എസ്റ്റാ-സി) വകുപ്പ്</u>

ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെ മാത്രമേ എല്ലാ ജിവനക്കാർക്കും ട്രഷറി സംവിധനങ്ങളിലേക്ക് പ്രവേശിക്കുന്നതിന് നിലവിൽ സാധിക്കുകയുള്ളൂ. ബയോമെട്രിക് സംവിധാനത്തിൽ പഞ്ച് ചെയ്യുന്നതിലൂടെ ലഭിക്കുന്ന OTP ഉപയോഗിച്ചുകൊണ്ട് ഓരോരുത്തർക്കും അതാത് ട്രഷറി Router വഴി അനുവദിച്ച നൽകിയ IP ഉള്ള കമ്പ്യൂട്ടറിൽ നിന്ന് മാത്രമേ നിലവിൽ ട്രഷറി ആപ്ലിക്കേഷനുകളിൽ Login ചെയ്യാൻ സാധിക്കുകയുള്ളൂ. TSB online Application മുഖേനയുള്ള ഇടപാടുകൾ OTP ഉപയോഗിച്ച് മാത്രമേ നിലവിൽ സാധിക്കുകയുള്ളൂ.

## ശിപാർശ 25 [ഖണ്ഡിക 55]

സ്റ്റാമ്പുകളുടെയും മുദ്രപത്രങ്ങളുടെയും ക്ഷാമം ഉണ്ടാകാത്ത രീതിയിൽ ആവശ്യമായ സ്റ്റോക്ക് മുൻകൂട്ടി എടുത്തു വയ്ക്കാനുള്ള നിർദ്ദേശം എല്ലാ സ്റ്റേറ്റ് ഡിപ്പോകൾക്കും നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും കുറഞ്ഞ നിരക്കിലുള്ള മുദ്രപത്രങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലെന്നുള്ളത് സമിതി ഗൗരവമായി നിരീക്ഷിക്കുന്നു. ആയതിനാൽ, മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ലഭിക്കാതെ വരുന്ന അവസ്ഥ മറികടക്കുവാൻ ആവശ്യമായ മുദ്രപത്രങ്ങളും സ്റ്റാമ്പുകളും മുൻകൂട്ടി ഡിപ്പോയിൽ സ്റ്റോക്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-സി) വകുപ്പ്**

സർക്കാർ ഉത്തരവ് സാധാ നം.10/2023/നി.വ. തീയതി 09.02.2023 പ്രകാരം 01.04.2023 മുതൽ സംസ്ഥാനത്ത് ഒരു ലക്ഷം രൂപവരെയുള്ള എല്ലാ ഡീനോമിനേഷനിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്ക് സ്റ്റാമ്പ് വെണ്ടർമാർ മുഖേന ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തി. ഇ-സ്റ്റാമ്പിനോടൊപ്പം സമാന്തരമായി മുദ്രപ്പത്ര വിൽപ്പന തുടരാവുന്ന കാലയളവ് 01.10.2023 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൂർണ്ണതോതിൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാകുമ്പോൾ ഭൗതിക മുദ്രപ്പത്രങ്ങളുടെ ആവശ്യം ഇല്ലാതാകുകയും മുദ്രപത്രം ലഭിക്കാതെവരുന്ന അവസ്ഥ ഉണ്ടാകില്ലെന്നും അറിയിക്കുന്നു.

ജുഡിഷ്യൽ മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടില്ല. പഴയ രീതി തുടർന്നു വരുന്നു. ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുള്ളതിനാൽ മുദ്രപത്രം ലഭിക്കാതെ വരുന്ന അവസ്ഥയില്ലെന്നും അറിയിക്കുന്നു.

## ശിപാർശ 26 [ഖണ്ഡിക 56]

ട്രഷറി സേവിംഗ്സ് ബാങ്ക്, പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക്, ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ്, ട്രഷറി പബ്ലിക് അക്കൗണ്ട്, സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക്, എംപ്ലോയി ട്രഷറി സേവിംഗ്സ് ബാങ്ക്, പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ട്, ജേർണലിസ്റ്റ് പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് തുടങ്ങിയ സേവനങ്ങളാണ് ട്രഷറിയിൽ നിലവിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ. ഇതിലേയ്ക്ക് ഇടപാടുകാർക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ഓൺലൈനായി സർക്കാരിലേയ്ക്ക് പണമടയ്ക്കാനുള്ള ഇ-ട്രഷറി സംവിധാനം **2014** മുതൽ നടപ്പിലാക്കിയിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്. നെറ്റ് ബാങ്കിംഗ് സൗകര്യമുള്ള ഇടപാടുകാർക്ക് ലോകത്തെവിടെ നിന്നും ഏതു സമയത്തും ട്രഷറിയിലേയ്ക്ക് ഓൺലൈനായി പണമടയ്ക്കാവുന്നതാണ്. ഈ അക്കൗണ്ടുകളിൽ ഇടപാട് നടത്തുമ്പോൾ എസ്.എം.എസ്. അലെർട്ടുകൾ

ഒന്നും തന്നെ വരുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇടപാടുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ അറിയാനായി ഇടപാടുകാർ വീണ്ടും ട്രഷറിയിൽ നേരിൽ പോകേണ്ട അവസ്ഥ സംജാതമാകുന്നുണ്ട്. നിലവിൽ **eTSB** ക്ലോസിംഗിന് മാത്രമാണ് എസ്.എം.എസ്. അലെർട്ട് ഉള്ളത്. ആയതിനാൽ, ട്രഷറിയിൽ നിന്ന് ഇടപാടുകൾ നടത്തുമ്പോൾ കൃത്യമായി എസ്.എം.എസ്. അലേർട്ടുകൾ ലഭിക്കുവാൻ **NIC**യുമായി ചേർന്ന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ധനകാര്യ (എസ്റ്റാ-സി) വകുപ്പ്

**e-Treasury Application** മുഖേനയുള്ള ട്രാൻസാക്ഷനുകളിൽ **GRN Number(Government Reference Number)** ഉൾപ്പെടെയുള്ളവ **Message** ആയി ഉപഭോക്താവിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ **individual** ട്രാൻസാക്ഷനുകൾക്കും മറ്റ് ട്രാൻസാക്ഷനുകൾക്കും എസ്.എം.എസ്. അലർട്ടുകൾ ലഭ്യമാക്കുവാൻ **NIC**-യുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിച്ചു വരികയാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം.

ട്രഷറി ഇടപാടുകാർക്ക് എസ്.എം.എസ് അലർട്ടുകൾ ലഭ്യമാക്കുവാൻ **NIC** യുമായി ചേർന്ന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വകുപ്പിനോട് ആരായാൻ സമിതി തീരുമാനിച്ചു.

## സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ഇടപാടുകളുടെ സുതാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ട്രഷറി സേവിംഗ്സ് ബാങ്കിൽ ഇടപാടുകൾ നടത്തുമ്പോൾ/പൂർത്തിയാക്കുവാൻ **OTP** അധിഷ്ഠിതമായി ആയത് പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. പണം പിൻവലിക്കുക/ നിക്ഷേപിക്കുക, ചെക്ക് ബുക്ക്/വിഡ്രോവൽ സ്ലിപ് ഇഷ്യൂ ചെയ്യുക തുടങ്ങിയ ഇടപാടുകൾ **OTP** അധിഷ്ഠിതമായി തന്നെ നടന്നു വരുന്നു. ഇതുവഴി ഇടപാടുകാർക്ക് ആധുനിക ബാങ്കിംഗ് മൂല്യങ്ങളിൽ അധിഷ്ഠിതമായ സേവനം ലഭ്യമാക്കുവാനും അതുവഴി ഇടപാടുകളുടെ വിശ്വാസ്യത ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

## ശിപാർശ 27 [ഖണ്ഡിക 57]

വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വസ്തു നികുതി, കരം മുതലായവ ട്രഷറി അക്കൗണ്ട് വഴി അടയ്ക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായും വാട്ടർ അതോറിറ്റിയുമായും ചർച്ച നടത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിനായുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ ട്രഷറി അക്കൗണ്ട് വഴി അടയ്ക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-സി) വകുപ്പ്**

വസ്തു നികുതി റവന്യൂ വകുപ്പിന്റെ സൈറ്റിലൂടെ ഇ-ട്രഷറി വഴി തന്നെയാണ് പേയ്മെന്റ് നടക്കുന്നത്. എന്നാൽ വീട്ടുകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സൈറ്റ് വഴി പ്രസ്തുത സ്ഥാപനങ്ങൾ തന്നെ നേരിട്ട് അവരുടെ തനത് ഫണ്ടിലേക്ക് ബാങ്ക് വഴി സ്വീകരിക്കുന്നു.

വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ TSB online site വഴി ഒടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നിവയുടെ സൈറ്റ് TSB online site-മായി ഇന്റഗ്രേറ്റ് ചെയ്യേണ്ടതുണ്ട്. ആയത് എത്രയും വേഗം പൂർത്തിയാക്കുവാൻ KSEB, KWA അധികൃതരുമായി മീറ്റിംഗ് നടത്തുകയും പ്രസ്തുത സൈറ്റുകൾ TSB online site-മായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ മേൽ പറഞ്ഞ പോലെ ഇ-വാലറ്റ് സംവിധാനം നിലവിൽ വന്നാൽ മാത്രമേ വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവ TSB online site വഴി ഒടുക്കുവാൻ സാധിക്കുകയുള്ളു.

## ശിപാർശ 28 [ഖണ്ഡിക 58]

ട്രഷറികളിൽ എത്തുന്ന പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട പ്രധാന അടിസ്ഥാന സൗകര്യങ്ങളാണ് കുടിവെള്ളവും വിശ്രമിക്കാനുള്ള സൗകര്യവും. ചില ട്രഷറികളിലെങ്കിലും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. അത്തരം ട്രഷറികളിലെത്തുന്ന വയോജനങ്ങൾ വിശ്രമിക്കാൻ ഇടം ഇല്ലാത്തതുമൂലം ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നത് നിർഭാഗ്യകരമായ അവസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രാഥമിക ആവശ്യം എന്ന നിലയിൽ എല്ലാ ട്രഷറികളിലും കുടിവെള്ളവും വിശ്രമിക്കാനുള്ള സൗകര്യവും ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, എല്ലാ ട്രഷറികളിലും കുടിവെള്ളം, വിശ്രമിക്കാനുള്ള സ്ഥലം തുടങ്ങിയ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-സി) വകുപ്പ്**

കേരളത്തിലെ മുഴുവൻ ട്രഷറികളിലും ഇതിനോടകം ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 29 [ഖണ്ഡിക 59]

ട്രഷറികളിലുള്ള പണം എ.റ്റി.എം. വഴി പിൻവലിക്കാൻ കഴിയണം എന്നുള്ളത്

ജീവനക്കാരുടെയും പെൻഷൻകാരുടെയും ഏറെക്കാലത്തെ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയത് പ്രാബല്യത്തിൽ വന്നാൽ ട്രഷറി ശാഖകളിൽ നേരിട്ടെത്തിയാലേ പണമെടുക്കാൻ കഴിയൂ എന്ന പരാതിയ്ക്ക് പരിഹാരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതുമൂലം ജീവനക്കാരുടെ ശമ്പളം ട്രഷറിയിൽ നിലനിർത്തുവാൻ സാധിക്കുമെന്നും ബാങ്ക് എ.റ്റി.എം. കാർഡിലെ സൗകര്യങ്ങളും, ഏത് ബാങ്കിൽ നിന്നും പണമെടുക്കുവാനുള്ള സൗകര്യവും ഉണ്ടെങ്കിൽ കൂടുതൽ ഇടപാടുകാരെ ട്രഷറിയിൽ എത്തിക്കുവാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിനായി RBI അനുമതി നൽകിയിട്ടില്ല. നിലവിൽ TSB ഓൺലൈൻ വഴി ട്രഷറി സേവിംഗ്സ് ബാങ്കിലെ പണം ഇടപാടുകാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാനും അതുവഴി എ.റ്റി.എം-ലെ തുക പിൻവലിക്കാനും കഴിയുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുന:പരിശോധിച്ച് ആയത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

**<u>ധനകാര്യ (എസ്റ്റാ-സി) വകുപ്പ്</u>**

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നു. ട്രഷറി വകുപ്പിന് വേണ്ടി കോ-ബ്രാൻഡഡ് എ.ടി.എം. കാർഡുകൾ ഏർപ്പെടുത്തുന്നതിനുള്ള അനുമതിക്കായി ഫെഡറൽ ബാങ്ക് ആർ.ബി.ഐ.-യെ സമീപിച്ചുവെങ്കിലും അനുമതി നിഷേധിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ട്രഷറി വകുപ്പ് ആർ.ബി.ഐ. യ്ക്ക് പ്രത്യേകം അപേക്ഷ സമർപ്പിക്കുകയുണ്ടായെങ്കിലും ആയതിനും അനുമതി ലഭിച്ചില്ല. ആർ.ബി.ഐ. അനുമതി നിഷേധിച്ചതാണ് ട്രഷറി ഇടപാടുകൾക്ക് എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രധാന തടസ്സമായി വന്നിരിക്കുന്നത്. ആയതിനാൽ വകുപ്പ് ലക്ഷ്യമിട്ടത് പോലെ ട്രഷറി ഇടപാടുകാർക്ക് എ.ടി.എം സൗകര്യം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ ഉള്ളത്.

എന്നാൽ പണമിടപാട് രംഗത്തെ പുതിയ സംരംഭമായ Mini ATM ട്രഷറികളിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ചു വകുപ്പ് പഠിച്ചു വരുകയാണ്. ഇടപാടുകാരൻ ട്രഷറിയിൽ സ്ഥാപിച്ചിട്ടുള്ള POS (Print of sale) മാതൃകയിലുള്ള Mini ATM-ൽ നേരത്തെ നൽകിയിട്ടുള്ള കാർഡ് swipe ചെയ്ത് ഫണ്ട് റിക്വസ്റ്റ് ചെയ്യുകയും ട്രഷറി കൗണ്ടറിൽ നിന്ന് പ്രസ്തുത തുക ലഭിക്കുകയും ചെയ്യുന്ന രീതിയിലാണ് ആലോചിക്കുന്നത്.

**<u>ശിപാർശ 30 [ഖണ്ഡിക 61]</u>**

എല്ലാ ട്രഷറികളിലും Front Office സംവിധാനം ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സബ് ട്രഷറിയും ജില്ലാ ട്രഷറിയും ഉൾപ്പെടെ 224 ട്രഷറികളാണ് ഉള്ളതെന്നും ആയതിനാൽ 46 ട്രഷറികളിൽ മാത്രമേ Token Display and Management System ഏർപ്പെടുത്തിയിട്ടുള്ളൂവെന്നും Front Office സംവിധാനം നിലവിലുണ്ടെങ്കിൽ ഏത് പ്രായത്തിലുള്ള ഇടപാടുകാർക്കും വിവരങ്ങൾ പെട്ടെന്ന് അറിയുവാനും പെൻഷൻ നൽകുന്ന സമയത്തുള്ള തിരക്ക് ഒഴിവാക്കാനും കഴിയുമെന്നും ഇടപാടുകാരുടെ സംശയങ്ങൾ

ദുരീകരിക്കുവാൻ ഇതിലൂടെ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ എല്ലാ ട്രഷറികളിലും Front Office സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ധനകാര്യ (എസ്റ്റാ-സി) വകുപ്പ്</u>**

Frond Office/Help Desk സംവിധാനം എല്ലാ ട്രഷറികളിലും നിലവിലുണ്ട്. 178 ട്രഷറിയിൽ കൂടി Token Display and Management System ഏർപ്പെടുത്താനുള്ള സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.

**<u>ശിപാർശ 31 [ഖണ്ഡിക 62]</u>**

ഇപ്പോൾ നിലവിലുള്ള ട്രഷറികളിൽ കൂടുതലും കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലുമായാണ് സ്ഥിതി ചെയ്യുന്നതെന്ന് നിരീക്ഷിച്ച സമിതി ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ സബ് ട്രഷറികൾ അനുവദിച്ചു കിട്ടുന്നത് ഒരു നാടിന്റെ വികസനത്തിനും പ്രായമായ പെൻഷൻകാർക്ക് അധികം യാത്ര ചെയ്യാതെ ട്രഷറികളിൽ ഇടപാടുകൾക്കായി എത്തിപ്പെടാനും സഹായകരമാകുമെന്ന് വിലയിരുത്തുന്നു. നിലവിൽ ട്രഷറികളിൽ നേരിട്ടെത്തിയാണ് ഇടപാടുകാർ പണമിടപാട് നടത്തുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർ ഇതിനായി ധാരാളം യാത്ര ചെയ്യേണ്ടതായും വരുന്നുണ്ട്. ഒരു പ്രത്യേക പ്രദേശത്ത് ട്രഷറി തുടങ്ങേണ്ട ആവശ്യകത പരിശോധിച്ച് ട്രഷറികൾ തുടങ്ങേണ്ട സ്ഥലങ്ങളിൽ എത്ര DDO-മാർ, പെൻഷൻകാർ, പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ, മറ്റ് ഓഫീസുകളിൽ എന്നിവയുടെ കണക്ക് ശേഖരിക്കുകയും ആവശ്യമായ ജീവനക്കാരുടെ എണ്ണം, കെട്ടിട സൗകര്യം, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ ലഭ്യത തുടങ്ങിയവ ഉറപ്പുവരുത്തി ആരംഭിക്കുവാൻ അനുമതി നൽകുന്നതാണ്. ആയതിനാൽ, ഗ്രാമപ്രദേശങ്ങളിൽ ട്രഷറികൾ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തി ആയത് പ്രാവർത്തികമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ധനകാര്യ (എസ്റ്റാ-സി) വകുപ്പ്</u>**

പുതിയ ട്രഷറികൾ ആരംഭിക്കുന്നതിന് വേണ്ടി ജനപ്രതിനിധികൾ, ബഹുജനസംഘടനകൾ എന്നിവർ വഴി ലഭ്യമാകുന്ന നിവേദനം പരിശോധിച്ച് ആയതിന്റെ ആവശ്യകതയുടെയും ഫണ്ട് ലഭ്യതയുടേയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ശിപാർശ 32 [ഖണ്ഡിക 63]</u>**

ജീവനക്കാരുടെ കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വർദ്ധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ ട്രഷറി ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുണ്ടെന്നും ട്രഷറി ഇടപാടുകൾ ഭൂരിഭാഗവും ഓൺലൈനിലേക്ക് മാറിക്കഴിഞ്ഞ നിലവിലെ സാഹചര്യത്തിൽ

ജീവനക്കാരും അതിനനുസരിച്ച് അവരുടെ പ്രവർത്തനമേഖല മാറ്റേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, Gulati Institute of Finance and Taxation (GIFT), IMG (Indian Institute of managemment in Government) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ജീവനക്കാർക്ക് പരിശീലന പരിപാടി നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-സി) വകുപ്പ്**

നിലവിൽ CMD(Centre for Management Development) IMG, BSNL TRAINING CENTRE, RTTC (Regional Resource and Training Centres), Kaimanam, TVM), NPC (National Productivity Council) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ജീവനക്കാർക്ക് പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്.

## ശിപാർശ 33 [ഖണ്ഡിക 64]

ടി.എസ്.ബി./പി.ടി.എസ്.ബി. തുടങ്ങിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ 5 വർഷമായി ഇടപാടുകൾ നടത്താതിരിക്കുന്ന അൺഓപ്പറേറ്റഡ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക കേരള ട്രഷറി കോഡിലെ ചട്ടങ്ങൾ പ്രകാരം സർക്കാരിന്റെ റവന്യൂ അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നതെന്നും അവകാശികൾ കൈപ്പറ്റാത്ത സ്ഥിരനിക്ഷേപങ്ങൾ ട്രഷറികളിൽ തന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. അവകാശികൾ കൈപ്പറ്റാത്ത ട്രഷറി നിക്ഷേപമായി 12,74,691/- രൂപയാണ് 10 വർഷക്കാലയളവിനുള്ളിൽ ട്രഷറിയിൽ ഉള്ളതെന്നും റവന്യൂ ഡെപ്പോസിറ്റിൽ നിന്നും മൂന്ന് സാമ്പത്തിക വർഷത്തിനുള്ളിൽ പിൻവലിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാർ അക്കൗണ്ടിലേയ്ക്ക് (lapsed deposit) മാറ്റുവാനാണ് നിലവിലെ നിയമം അനുശാസിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. റവന്യൂ ഡെപ്പോസിറ്റിലേയ്ക്കും ലാപ്സ്സ്ഡ് ഡെപ്പോസിറ്റിലേയ്ക്കും ഇങ്ങനെ മാറ്റപ്പെട്ട തുകകൾ തിരികെ TSB-PTSB അക്കൗണ്ടുകളിലേയ്ക്ക് വരവുവെയ്ക്കുവാൻ കഴിയുകയില്ലെന്നും ഇങ്ങനെ തുകകൾ മാറ്റപ്പെട്ട അക്കൗണ്ടുകൾ ക്ലോസ് ചെയ്ത അക്കൗണ്ടുകളായാണ് കണക്കാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ റവന്യൂ/ലാപ്സ്സ്ഡ് ഡെപ്പോസിറ്റുകളുടെ പിൻവലിക്കൽ സംബന്ധിച്ച നിയമങ്ങൾ പാലിച്ചുകൊണ്ട് അവകാശികൾക്ക് തുക തിരിച്ചു നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അൺഓപ്പറേറ്റഡ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക അവകാശികൾക്ക് നിയമങ്ങൾ

പാലിച്ചുകൊണ്ട് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-സി) വകുപ്പ്**

സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപ കാലാവധി പൂർത്തീകരിച്ചിട്ടും ദീർഘ വർഷങ്ങളായി പിൻവലിക്കാതെ കിടക്കുന്ന Pledge ചെയ്തതും അല്ലാത്തതുമായ സ്ഥിര നിക്ഷേപങ്ങളും, Pledge ചെയ്ത് ട്രഷറി സെക്യൂരിറ്റി അക്കൗണ്ടുകളിൽ ദീർഘനാളായി ഇടപാടുകൾ ഇല്ലാതെ നിലനിൽക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ടി നിക്ഷേപങ്ങൾ 8443-00-101 (റവന്യൂ ഡിപ്പോസിറ്റ്) 0075-00-101 (unclaimed Deposits) ലേക്കോ മാറ്റുന്നതിനായുള്ള നടപടികൾ നിലവിൽ സ്വീകരിച്ചു വരികയാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം.

ട്രഷറി സെക്യൂരിറ്റി അക്കൗണ്ടുകളിൽ ദീർഘ നാളുകളായി ഇടപാടുകൾ ഇല്ലാതെ നിലനിൽക്കുന്ന സ്ഥിര നിക്ഷേപങ്ങൾ റവന്യൂ ഡെപ്പോസിറ്റ്, അൺക്ലെയിംഡ് ഡെപ്പോസിറ്റ് എന്നീ ഹെഡുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചത് എപ്പോഴാണെന്നും, അൺഓപ്പറേറ്റഡ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക അവകാശികളായ എത്രപേർക്ക് നിയമങ്ങൾ പാലിച്ചുകൊണ്ട് നൽകിയെന്നും വകുപ്പിനോട് ആരായാൻ സമിതി തീരുമാനിച്ചു.

## സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ട്രഷറി സെക്യൂരിറ്റി അക്കൗണ്ടുകളിൽ ദീർഘ നാളുകളായി ഇടപാടുകൾ ഇല്ലാതെ നിലനിൽക്കുന്ന സ്ഥിര നിക്ഷേപങ്ങൾ റവന്യൂ ഡെപ്പോസിറ്റ്, അൺക്ലെയിംഡ് ഡെപ്പോസിറ്റ് എന്നീ ഹെഡുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി ചട്ടങ്ങളുടെ അഭാവത്തിൽ നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിലേയ്ക്കുള്ള വിവരങ്ങൾ 28.07.2023-ലെ TRY/3002/2021-F2 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥിരനിക്ഷേപങ്ങളുടെ ഇടപാട് കാലാവധി ചട്ടങ്ങളിൽ പരാമർശിച്ചിട്ടില്ല. ട്രഷറി തലത്തിൽ ഇത്തരം നക്ഷേപങ്ങൾ കണ്ടെത്തി ലഭ്യമായ മേൽവിലാസത്തിൽ ബന്ധപ്പെട്ട് നിക്ഷേപകരെയും അവകാശികളെയും കണ്ടെത്തുന്നതിനുള്ള നടപടികൾ ട്രഷറി തലത്തിൽ സ്വീകരിച്ചു വരുന്നു.

## അദ്ധ്യായം III
## മറുപടി ലഭിക്കേണ്ട അധികവിവരങ്ങൾ
## ശിപാർശ 10 [ഖണ്ഡിക 28]

2016 മുതൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ AIMS (Audit Information Management System) സോഫ്റ്റ് വെയറിലൂടെ ഓൺലൈനായാണ് ഓഡിറ്റിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലകളും AIMS സോഫ്റ്റ്വെയർ മുഖേനയാണ് വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നത്. നിലവിൽ ജില്ലാ ഓഡിറ്റ് ഓഫീസുകളിലും സർവ്വകലാശാല ഓഡിറ്റ് കാര്യാലയങ്ങളിലും ഓഡിറ്റ് പ്ലാനിംഗ്, ഓഡിറ്റ് നിർവ്വഹണം, റിപ്പോർട്ട് പുറപ്പെടുവിക്കൽ, ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ എന്നിവയും AIMS സോഫ്റ്റ്വെയർ മുഖേന നടത്തിവരുന്നു. ഇതുപോലെ AIMS സോഫ്റ്റ് വെയർ വകുപ്പിന്റെ പരിധിയിലുള്ള മറ്റ് സ്ഥാപനങ്ങളിലും പൂർണ്ണമായി നടപ്പിലാക്കുന്നതോടെ ഓഡിറ്റ് പൂർത്തിയാകുമ്പോൾ തന്നെ റിപ്പോർട്ട് പുറപ്പെടുവിക്കാൻ കഴിയും എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, AIMS സോഫ്റ്റ് വെയർ പൂർണ്ണമായ രീതിയിൽ വകുപ്പിൽ നടപ്പിലാക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കി വരുന്ന എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനും തുടർ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതനുമായി സോഫ്റ്റ് വെയർ പുതിയ വേർഷനിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും, സെക്യൂരിറ്റി ഓഡിറ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാനും ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ AIMS സോഫ്റ്റ് വെയർ പൂർണ്ണതോതിൽ നടപ്പിലാക്കി ആയതിന്റെ വ്യക്തമായ നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## ശിപാർശ 11 [ഖണ്ഡിക 29]

വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ ഓരോ വർഷവും കണ്ടെത്തിയ പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി ഒരു സമാഹൃത റിപ്പോർട്ട് തയ്യാറാക്കി സർക്കാർ മുഖേന നിയമസഭയ്ക്ക് സമർപ്പിക്കേണ്ട പ്രധാന ചുമതല വകുപ്പിനുണ്ട്. ഇതിനായി ഓഡിറ്റ് കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വർദ്ധിപ്പിക്കുന്നതിന് ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കില,(കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), ഐ.എം.ജി.

തുടങ്ങിയ ട്രെയിനിംഗ് സ്ഥാപനങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുവാനും അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ച ടി.ജി.എസ്.(ടെക്നിക്കൽ ഗൈഡൻസ് ആന്റ് സപ്പോർട്ട്) പ്രകാരമുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് മെത്തഡോളജി, പെർഫോമൻസ് ഓഡിറ്റ്, AIMS സോഫ്റ്റ് വെയറിൽ ഉള്ള പരിജ്ഞാനം തുടങ്ങിയവയിലുള്ള പരിശീലനം ധനകാര്യവകുപ്പുമായി സഹകരിച്ച് നടത്തുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും കോവിഡ് സമയത്ത് മുടങ്ങിയിരുന്ന പരിശീലനം തുടർന്നും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**</u>

നിലവിൽ സംസ്ഥാന പരിശീലന പരിപാടിയുടെ ഭാഗമായി IMG, വകുപ്പിലെ ജീവനക്കാർക്ക് ദ്വിദിന കപാസിറ്റി ബിൽഡിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. പുതുതായി ഓഡിറ്റർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് നാലു മാസത്തെ സ്റ്റാറ്റ്യൂട്ടറി പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം വകുപ്പിന്റെ പരിശീലന കേന്ദ്രത്തിൽ മുഴുവൻ ഉദ്യോഗസ്ഥർക്കും ത്രിദിന റിഫ്രഷർ കോഴ്സ് സംഘടിപ്പിക്കുന്നതിന് സർക്കാരിലേക്ക് അനുമതി അഭ്യർത്ഥിച്ചു കൊണ്ട് ഡയറക്ടർ കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

## <u>ശിപാർശ 12 [ഖണ്ഡിക 30]</u>

ഓഡിറ്റ് വകുപ്പിൽ, വകുപ്പിന്റെ പ്രവർത്തന മേഖലയിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക അക്കൗണ്ടുകളും സാമ്പത്തിക വിനിമയം സംബന്ധിച്ച മറ്റു രേഖകളും വിശദമായ ഓഡിറ്റിന് വിധേയമാക്കി പോരായ്മകൾ, ക്രമക്കേടുകൾ, സാമ്പത്തികനില തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിയമപരമായ തുടർ നടപടികൾ സ്വീകരിച്ച് നഷ്ടങ്ങൾ ഉത്തരവാദികളിൽ നിന്ന് ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കുകയും ചെയ്യുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് കാലികമാക്കുന്നതിന് വകുപ്പിൽ മനുഷ്യവിഭവശേഷിയുടെ അപര്യാപ്തത നിലവിലുണ്ടെന്ന് അറിയാൻ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മതിയായ എണ്ണം ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**</u>

വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## <u>ഖണ്ഡിക 29, 30 എന്നിവയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

പ്രസ്തുത ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, സമിതി ശിപാർശ ചെയ്യുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ വേണ്ട നടപടി

സ്വീകരിക്കുകയാണ് വേണ്ടതെന്നും, അല്ലാത്തപക്ഷം ആയതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അക്കാര്യം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

**<u>ശിപാർശ 14 [ഖണ്ഡിക 33]</u>**

ഓഡിറ്റ് പൂർത്തിയാകുമ്പോഴോ, ആയതിനുശേഷം മൂന്ന് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിലോ ഓഡിറ്റർ പരിശോധിച്ചതും ഓഡിറ്റ് ചെയ്യപ്പെട്ടതുമായ കണക്കുകളെ കുറിച്ചുള്ള ഒരു റിപ്പോർട്ട് ബന്ധപ്പെട്ട സ്ഥാപനത്തിന് അയച്ചു കൊടുക്കേണ്ടതുണ്ട് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാർ നിർദ്ദേശിക്കുന്ന സംഘങ്ങൾക്കും ഉദ്യോഗസ്ഥർക്കും അല്ലെങ്കിൽ തദ്ദേശ അതോറിറ്റി നിയമം അനുശാസിക്കുന്നവർക്കും സമർപ്പിക്കേണ്ടതാണ്. എന്നാൽ ചില സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് മൂന്നുമാസം കഴിഞ്ഞിട്ടും നൽകുവാൻ കാലതാമസം നേരിടുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കാലതാമസം കൂടാതെ ഓഡിറ്റ് പൂർത്തിയാക്കി നിയമപരമായ കാലാവധിയായ മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിൽ നിയമപ്രകാരമായ കാലാവധി കൃത്യമായി പാലിച്ചു വരുന്നുണ്ട്.

മിസെലേനിയസ് സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം കാര്യാലയ മേധാവികൾക്ക് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകുന്നതാണ്.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

മിസലേനിയസ് സ്ഥാപനങ്ങൾ ഓഡിറ്റ് റിപ്പോർട്ട് നൽകാനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കാര്യാലയമേധാവികൾക്ക് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

**<u>ശിപാർശ 16 [ഖണ്ഡിക 37]</u>**

ഓഡിറ്റിന്റെ കുടിശ്ശിക നിലവാരം താഴ്ത്തി കൊണ്ടുവരൽ വകുപ്പിന്റെ പ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. 2019-20 വരെ വിവിധ ഓഡിറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റ് ഫീസിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക 83.97 കോടി രൂപയായിരുന്നു. അതിൽ 21.414 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി 62.556 കോടി രൂപ ലഭിക്കാനുണ്ട്. 2020-21-ൽ ആകെ 6.35 കോടി രൂപ ഓഡിറ്റ് ചാർജ് ആയി ലഭിച്ചിട്ടുണ്ട്. വകുപ്പിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുവാൻ ആവശ്യമുള്ള നടപടികളുടെ രൂപരേഖ തയ്യാറാക്കി ആയത് പ്രാബല്യത്തിൽ കൊണ്ടുവന്ന് വകുപ്പിന് ലഭിക്കേണ്ട കുടിശ്ശികയുടെ തുക കുറച്ചു കൊണ്ടുവരുന്നതിന് ആവശ്യമായ

നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**

ചാർജ്/സർചാർജ് കുടിശ്ശിക

ഓഡിറ്റ് വകുപ്പ് സർട്ടിഫൈ ചെയ്യുന്ന തുകയുടെ അടവ് വിവരങ്ങൾ അർദ്ധവാർഷിക പത്രികയിലൂടെ അതാത് സ്ഥാപനമേധാവികളോട് ആവശ്യപ്പെടുന്നുണ്ടെങ്കിലും ആയത് പൂർണ്ണതോതിൽ ലഭ്യമാകുന്നില്ല. (നിയമത്തിലോ ചട്ടത്തിലോ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുമില്ല) സർട്ടിഫൈ ചെയ്ത തുകയുടെ അടവ് വിവരം ഓഡിറ്റ് വകുപ്പിന് ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിന്, ഓഡിറ്റ് ചെയ്യുന്ന സ്ഥാപനത്തിനുണ്ടായ നഷ്ടം ഓഡിറ്റ് വകുപ്പ് ഉത്തരവാദിയുടെ ബാധ്യതയാക്കി സർട്ടിഫൈ ചെയ്താൽ, പ്രസ്തുത തുക സ്ഥാപനത്തിന് കിട്ടേണ്ട തുകയായി (receivables) കണക്കാക്കുന്നതിനും ആയത് സ്ഥാപനത്തിന്റെ അടുത്തവർഷത്തെ അക്കൗണ്ട്സിൽ പ്രതിഫലിക്കുകയും/ രേഖപ്പെടുത്തപ്പെടുകയും ചെയ്താൽ ആയതിന്റെ അടവ് ഓഡിറ്റിനുതന്നെ നിരീക്ഷിക്കാനാവുന്നതാണ്. ഇപ്രകാരം തീരുമാനിക്കപ്പെടുകയാണെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, ചട്ടം, പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ഓഡിറ്റ് വകുപ്പ് സർട്ടിഫൈ ചെയ്യുന്ന തുകയുടെ അടവ് വിവരങ്ങൾ പൂർണ്ണതോതിൽ വകുപ്പിന് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിലോ നിയമങ്ങളിലോ ഭേദഗതി ആവശ്യമാണെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്നും അതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

## ശിപാർശ 17 [ഖണ്ഡിക 38]

സർക്കാരിന് ലഭിക്കുവാനുള്ള ഓഡിറ്റ് ഫീസ് ഒരു നിശ്ചിത പരിധിക്കുള്ളിൽ അടയ്ക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കുന്നതിനും എന്നിട്ടും കുടിശ്ശിക ലഭിച്ചില്ലെങ്കിൽ ഗ്രാന്റിൽ നിന്നും കുറവ് ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**

ഓഡിറ്റ് ചാർജ് (ഓഡിറ്റ് ഫീ കുടിശ്ശിക)

ഓഡിറ്റ് ചാർജ് കാര്യക്ഷമമമായി ഈടാക്കുന്നതിലേയ്ക്കായി ചാർജ് ഒടുക്കാത്ത സ്ഥാപനങ്ങളിൽ തുടർവർഷങ്ങളിലെ grant-in-aid നൽകുന്നതിന് മുമ്പായി ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് ചാർജ് കുടിശ്ശിക ഒടുക്കിയതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നുള്ള നിബന്ധന ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

## സമിതി ആവശ്യപ്പെട്ട അധികവിവരം

സമിതിയുടെ ശിപാർശ നടപ്പിലാക്കുവാൻ വേണ്ടി സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## ശിപാർശ 18 [ഖണ്ഡിക 39]

കേരള ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നിർവ്വഹിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ശിപാർശകൾ അംഗീകരിക്കുന്നത് വകുപ്പിന്റെ പ്രധാന പ്രവർത്തനമാണ്. മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ലൈബ്രറി കൗൺസിൽ, സ്പോർട്സ് കൗൺസിൽ വികസന അതോറിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ശിപാർശകൾ അംഗീകരിക്കുന്നത് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പെൻഷൻ കടലാസുകൾ ബന്ധപ്പെട്ട ജില്ലാ ഓഡിറ്റ് കാര്യാലയം മേധാവികളാണ് അംഗീകരിക്കുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു. ദേവസ്വം ബോർഡുകൾക്കു കീഴിലെ ജീവനക്കാരുടെ പെൻഷൻ ശിപാർശകൾ അംഗീകരിക്കുന്നത് ബന്ധപ്പെട്ട ദേവസ്വം ബോർഡ് ഓഡിറ്റ് കാര്യാലയം മേധാവികളാണ്. സർവ്വകലാശാലകളിലെ പെൻഷൻ കടലാസുകൾ യൂണിവേഴ്സിറ്റി ഓഡിറ്റ് കാര്യാലയം മേധാവികൾ പരിശോധിച്ച് അംഗീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പെൻഷൻ ശിപാർശകൾക്ക് ലഭിക്കുന്ന ഫയലുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ടെന്നു നിരീക്ഷിച്ച സമിതി, പെൻഷൻ ശിപാർശക്ക് ലഭിക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്

പെൻഷൻ ശിപാർശക്ക് ലഭിക്കുന്ന ഫയലുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

പെൻഷൻ ശിപാർശയുമായി ബന്ധപ്പെട്ട ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദംശങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## ശിപാർശ 19 [ഖണ്ഡിക 40]

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് കീഴിലുള്ള 9 ഉപകാര്യാലയങ്ങൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാ ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം, ടൂറിസം ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം, ട്രെയിനിംഗ് സെന്റർ, ഗിഫ്റ്റ് (GIFT)(Gulati Instititute of Finance and Taxation) ശ്രീകാര്യം, ക്ഷേമനിധി ഓഡിറ്റ് കാര്യാലയം കൊല്ലം, ജില്ലാ ഓഡിറ്റ് കാര്യാലയം കൊല്ലം, ജില്ലാ ഓഡിറ്റ് കാര്യാലയം ആലപ്പുഴ, ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ, മലബാർ ദേവസ്വം ഓഡിറ്റ്

മേഖല കാര്യാലയം തലശ്ശേരി, ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട് തുടങ്ങിയ ഓഫീസുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ 67.02 ലക്ഷം രൂപയാണ് വാടകയിനത്തിൽ വകുപ്പിന് ചെലവായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഉപകാര്യാലയങ്ങൾ വാടക കെട്ടിടങ്ങളിൽ നിന്ന് സ്ഥിരം കാര്യാലയങ്ങളിലേക്ക് മാറ്റുവാൻ റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ ഉപകാര്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥിരം കെട്ടിടം അനുവദിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാർക്ക് വകുപ്പ് കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെ സ്ഥിരം കെട്ടിടമോ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള റവന്യൂ ഭൂമിയോ അനുവദിച്ചു കിട്ടിയിട്ടില്ല. നിലവിൽ കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിന് സിവിൽ സ്റ്റേഷനിൽ തദ്ദേശസ്വയംഭരണ വകുപ്പ് പണിയുന്ന കെട്ടിടത്തിൽ ചെലവ് വകുപ്പ് വഹിക്കണമെന്ന ഉപാധിയോടെ ഓഫീസ് കെട്ടിടം അനുവദിക്കാമെന്ന് കളക്ടർ അറിയിച്ചിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ പുരോഗമിക്കുകയാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് കീഴിലുള്ള വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഉപകാര്യാലയങ്ങൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമേറ്റെടുത്ത് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## ശിപാർശ 20 [ഖണ്ഡിക 42]

ഓഡിറ്റിന് പോകുന്ന എല്ലാ ഉദ്യോഗസ്ഥർക്കും അവശ്യം വേണ്ട ഒന്നാണ് ലാപ്ടോപ്പ്. ഓഡിറ്റ് നടക്കുന്ന വേളയിൽ രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിശോധിക്കുവാനും മറ്റും ലാപ്ടോപ്പ് ആവശ്യമായി വരുന്നു. ഓഡിറ്റിനായി പോകുന്ന എല്ലാ ഓഡിറ്റർമാർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**ധനകാര്യ (എസ്റ്റാ-ഡി) വകുപ്പ്**

വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധികവിവരം.

പ്രസ്തുത ശിപാർശയിന്മേൽ നിരുത്തരവാദപരമായ മറുപടിയാണ് വകുപ്പ് ലഭ്യമാക്കിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുകയും ആയതിന്മേൽ അതൃപ്തി

രേഖപ്പെടുത്തുകയും, ടി ശിപാർശ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി

തിരുവനന്തപുരം,
2026 ഫെബ്രുവരി 24